**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5508** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുന്ന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുന്ന ഫണ്ട് അർഹർക്ക് തന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ആയത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ പദ്ധതികളുടെയും സഹായവിതരണം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് എത്തിക്കുന്ന സംവിധാനം (ഡി.ബി.റ്റി) നിലവിൽ വന്നിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ നിർദ്ദിഷ്ട ആവശ്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് പ്രമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ജനപ്രതിനിധികളും കോളനിവാസികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കി വരുന്നു. |
| (ബി) | ഫണ്ട് വൻതോതിൽ ദുർവ്യയം ചെയ്യപ്പെടുന്ന പ്രവണത ആദിവാസി മേഖലയിൽ കൂടുതലായതിനാൽ ഏതൊക്കെ രീതിയിലാണ് ദുർവ്യയം നടന്നിട്ടുള്ളത് എന്നതിന്റെ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഫണ്ട് ദുർവ്യയം ചെയ്യുന്നതായ പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗക്ഷേമത്തിന് ജനസംഖ്യാനുപാതികമായി വകയിരുത്തിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | 2021 - 22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന വിഹിതമായി 583.28 കോടിരൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി 57.50 കോടി രൂപയും ഉൾപ്പടെ 640.78 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ